**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **06-10-2021 - ൽ മറുപടിയ്ക്ക്**

**എലിഫന്റ് ഇടനാഴികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കണ്ടെത്തിയിരിക്കുന്ന എലിഫന്റ് ഇടനാഴികളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | കേരളത്തിൽ പ്രധാനമായും ഏഴ് ആനത്താരകളാണ് കണ്ടെത്തിയിട്ടുള്ളത്. ഇവയുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി വിവരം ചുവടെ ചേർക്കുന്നു. 1. തിരുനെല്ലി-കുദ്രക്കോട് തിരുനെല്ലി-കുദ്രക്കോട് ആനത്താര കേരളത്തിന്റേത് മാത്രമായ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 6 കി.മീറ്ററും, വീതി 1 മുതൽ 1.5 കി.മീറ്ററും ആണ്. ഈ ആനത്താര പൂർണ്ണമായി ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ആനത്താര വയനാട് വന്യജീവി സങ്കേതത്തിനു കീഴിൽ വരുന്ന തിരുൾക്കുന്ന് (ജി.ഒ (പി) ന.56/2015/വനം, തീയതി 15.08.2015 പ്രകാരം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച് 3.53 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്), വലിയഎമ്മടി (ജി.ഒ (പി) നം.57/2015/വനം, തീയതി 15.08.2015 പ്രകാരം വന്യജീവി സങ്കേതമായി 6.1 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്), കോട്ടപ്പടി (ജി.ഒ (പി) ന.58/2015/വനം, തീയതി 15.08.2015 പ്രകാരം റിസർവ്വ് ഫോറസ്റ്റ് ആയി 8.37 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്) മേൽപ്പറഞ്ഞ ആനത്താരയിൽപ്പെട്ട സ്ഥലങ്ങൾ വനം വകുപ്പ് സംരക്ഷിച്ച് പരിപാലിച്ചു വരുന്നു. 2. നിലമ്പൂർ കോവിലകം-നൃൂഅമരമ്പലം നിലമ്പൂർ കോവിലകം-നൃൂഅമരമ്പലം ആനത്താര കേരളത്തിന്റേത് മാത്രമായ ഒരു ആനത്താരയാണ്. ഈ ആനത്താരയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല. ഇതിന്റെ നീളം 1 കി.മീറ്ററും വീതി 0.5 കി.മീറ്ററും ആണ്. നിലമ്പൂർ കോവിലകം-നൃൂഅമരമ്പലം, ആനത്താരയിലൂടെ കടന്നു പോകുന്ന നിലമ്പൂർ, ഗൂഡല്ലൂർ അന്തർസംസ്ഥാന പാതയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ ആന, റോഡ് മുറിച്ച് കടക്കുന്ന സ്ഥലങ്ങളിൽ താഴ്ന്ന ഭാഗങ്ങളിൽ റാമ്പുകൾ ഒരുക്കിയും ഉയർന്ന ഭാഗങ്ങളിൽ മൺതിട്ടകൾ നിരപ്പാക്കിയും റോഡിന്റെ |

പാർശ്വഭിത്തിയുടെ ഉയരം കുറച്ചും ആനകളുടെ സഞ്ചാരത്തിന് സൗകര്യമൊരിക്കിയിട്ടുണ്ട്. കൂടാതെ ആനകൾ റോഡ് മുറിച്ച് കടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പൊതുജന അവബോധത്തിന് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആനകൾ ഉൾപ്പടെയുള്ള വന്യജീവികളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിന് നിശ്ചിത കാലയളവുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വരുന്നുണ്ട്. 3. നിലമ്പൂർ-അപ്പൻകാപ്പ് നിലമ്പൂർ നോർത്ത് ഡിവിഷനിൽ കാട്ടാനകൾ മനുഷ്യവാസ പ്രദേശത്ത് ഇറങ്ങുന്നത് ഒഴിവാക്കുന്നതിന് നിലമ്പൂർ-അപ്പൻകാപ്പ് ഇടനാഴി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഇടനാഴി നിലമ്പൂർ നോർത്ത് ഡിവിഷനിലെ നിലമ്പൂർ, വഴിക്കടവ് റെയിഞ്ചുകളെ ബന്ധിപ്പിക്കുന്നതാണ്. ഈ ഇടനാഴി കേരള-തമിഴ്നാട് അന്തർ-സംസ്ഥാന അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. ആനകൾ സൗത്ത് വയനാട് ഡിവിഷനിൽനിന്നും തമിഴ്നാട്ടിലെ ഗൂഡല്ലൂർ ഫോറസ്റ്റ് ഡിവിഷൻ വഴി നിലമ്പൂർ സൗത്ത് ഡിവിഷനിലേയ്ക്കും ഈ ഇടനാഴിയിലൂടെ യാത്ര ചെയ്യുന്നുണ്ട്. ഈ ഇടനാഴിയ്ക്ക് 0.4 കി.മീ. നീളവും 0.5 കി.മീ. വീതിയുമുണ്ട്. ഈ പദ്ധതിയ്ക്ക് നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉൾപ്പെടുന്ന നിലമ്പൂർ താലൂക്കിലെ പോത്തുകൽ വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 6 എസ്റ്റേറ്റുകളിൽ നിന്നായി 22.8271 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. 4. മുതമലയ്-നിലമ്പൂർ "ഒ" വാലി ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിൽ കേരള സംസ്ഥാനത്തിന്റെ ഭാഗം വരുന്ന സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ലാത്തതുമാണ്. ഇത് നിലമ്പൂർ നോർത്ത് ഡിവിഷനും തമിഴ്നാട്ടിലെ മുതുമലൈ ടൈഗർ റിസർവ്വുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ഇടനാഴിയാണ്. ഇതിന് 35 കി.മീ. നീളവും 0.1 കി.മീ. വീതിയും ഉള്ളതാണ്. 5. പേര്യ-പക്രാന്താളം ഇത് കേരളത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 0.5 കി.മീറ്ററും, വീതി 0.2 കി.മീറ്ററും ആണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ഇത് വയനാട് നോർത്ത് ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന ഒരു ആനത്താരയാണ്. 6. ബേഗൂർ-ബ്രഹ്മഗിരി ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിന്റെ നീളം 1 കി.മീറ്ററും, വീതിയും 0.8 കി.മീറ്ററും ആണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കാനുള്ളതാണ്. ഇത് കേരളത്തിലെ വയനാട് വന്യജീവി സങ്കേതവും കർണ്ണാടകത്തിലെ ബ്രഹ്മഗിരി വന്യജീവി സങ്കേതവും, നാഗർഹോള ടൈഗർ റിസർവ്വുമായും ബന്ധപ്പെട്ട് കിടക്കുന്നു. 7. കൊട്ടിയൂർ-പേരിയ ഇത് കേരള

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 3 കി.മീറ്ററും, വീതി 0.1 കി.മീറ്ററും ആണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത് കണ്ണൂർ ഡിവിഷന്റെയും വയനാട് നോർത്ത് ഡിവിഷന്റെയും ഭാഗമായിട്ടുള്ള ഒരു ആനത്താരയാണ്. വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, വനഭൂമി കൈയ്യേറ്റം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, കാട്ടാനകൾക്കുള്ള ആഹാരവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനുള്ള പ്രവൃത്തികൾ തുടങ്ങിയ മുഴുവൻ പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ ആനത്താരകളിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ